LIBRARY ARCHIVES Kerala Legislative Assembly

വ്യവസായംമൂലം തൊഴിൽ ലഭിച്ചവർ

14 [949] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ ആരംഭിച്ച വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാം ; എത്ര പേർക്ക് തൊഴിൽ ലഭിച്ചു :

(ബി) കോഴിക്കോട് ജില്ലയിൽ ഈ സർക്കാരിന്റെ കാലയളവിൽ അടച്ചുപൂട്ടപ്പെട്ട വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാം ; തൊഴിൽ നഷ്ടപ്പെട്ടവർ എത്ര ; അടച്ച് പൂട്ടൽ ഭീഷണി നേരിടുന്ന സ്ഥാപനങ്ങൾ ഏതെല്ലാം ?

ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ കൃഷി, തടി, ഭക്ഷ്യം, റെഡിമെയ്ഡ്, ബിൽഡിംഗ് മെറ്റീരിയൽസ്, പ്ലാസ്റ്റിക്, റബ്ബർ ബെയ്സ്ഡ്, സോഫ്റ്റ് വെയർ, സോപ്പ് നിർമ്മാണം, പേപ്പർ കപ്പ്, ഫ്ളോർ മിൽ എന്നിവ അടിസ്ഥാനമാക്കി 3218 വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചു. ഇതുമൂലം 9829 പേർക്ക് സ്ഥിരം തൊഴിൽ ലഭിച്ചു.

(ബി) കോഴിക്കോട് ജില്ലയിൽ ഈ സർക്കാരിന്റെ കാലയളവിൽ 93 വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്. മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ, ടൈൽ ആന്റ് ബ്രിക്സ്, റെഡിമെയ്ഡ്, ഭക്ഷ്യ അടിസ്ഥാന വ്യവസായങ്ങൾ, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് അടിസ്ഥാനം, മിനറൽ വാട്ടർ, സോപ്പ് നിർമ്മാണം, സോഫ്റ്റ് വെയർ, സ്റ്റുഡിയോ, വുഡ് ഇൻഡസ്ട്രി, ലതർ ചെരുപ്പ് നിർമ്മാണം, പേപ്പർ കവർ, റബ്ബർ പോളിമേഴ്സ്, പെയിന്റ് ഇൻഡസ്ട്രി, മെറ്റൽ അടിസ്ഥാന വ്യവസായ യൂണിറ്റുകൾ തുടങ്ങിയവയാണ് അടച്ചുപൂട്ടപ്പെട്ട വ്യവസായ സ്ഥാപനങ്ങൾ. ഇതുമൂലം 711 പേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ ഓട്, ഇഷ്ടിക വ്യവസായ യൂണിറ്റുകൾ, റെഡിമെയ്ഡ് യൂണിറ്റുകൾ, ലതർ ചെരുപ്പ് യൂണിറ്റുകൾ, പ്ലാസ്റ്റിക് കോമ്പോ ബോക്സ് നിർമ്മാണ യൂണിറ്റുകൾ, മര വ്യവസായ യൂണിറ്റുകൾ, വീവിംഗ് ഫാക്ടറികൾ, മെറ്റൽ വ്യവസായ യൂണിറ്റുകൾ, പോളിമേഴ്സ് തുടങ്ങിയ വ്യവസായ യൂണിറ്റുകളും കൈത്തറി നെയ്ത്തു സഹകരണ സ്ഥാപനങ്ങളും പ്രതിസന്ധി നേരിടുന്നു.

സാമൂഹികക്ഷേമ വകുപ്പ് പുതുതായി ആവിഷ്കരിച്ച പദ്ധതികൾ

15 [950] ശ്രീ. കെ. മോഹൻ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസത്തിനുശേഷം സാമൂഹ്യക്ഷേമ വകുപ്പ് പുതുതായി ആവിഷ്കരിച്ച് നടപ്പാക്കിയ ക്ഷേമ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) തിരുവനന്തപുരം നഗരത്തിലെ കുമാരപുരത്ത് ശ്രീചിത്രാ പുവർ ഹോമിന്റെ അധീനതയിലുള്ള ഭൂമിയിൽ വൃദ്ധസദനം, വർക്കിംഗ് വിമൻസ് ഹോസ്റ്റൽ എന്നിവ സ്ഥാപിക്കണമെന്ന ആവശ്യം അനുകൂലമായി പരിഗണിക്കുമോ ?

ഉത്തരം

(എ) താഴെ പറയുന്ന പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്:

(1) *അഗതികളുടെ സംരക്ഷണം*: രോഗശമനത്തിനുശേഷം ബന്ധുക്കളാരും ഏറ്റെടുക്കാൻ ഇല്ലാതെ ആശുപത്രിയിൽ കഴിയുന്നവരേയും അനാരോഗ്യം ബാധിച്ച അദ്ധ്വാനശേഷി നഷ്ടപ്പെട്ട് നിരാശ്രയരായി തെരുവിൽ കഴിയുന്നവരെയും ഏറ്റെടുത്ത് പുനരധിവസിപ്പിക്കുന്ന ഈ പദ്ധതി തിരുവനന്തപുരം ജില്ലയിൽ ആരംഭിക്കുകയുണ്ടായി. സന്നദ്ധ സംഘടനകൾ വഴി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ സംരക്ഷിക്കപ്പെടുന്ന ആളൊന്നിന് 750 രൂപ നിരക്കിൽ ഗ്രാന്റ് നൽകുന്നു.

(2) *വികലാംഗ സമഗ്ര പുനരധിവാസ പദ്ധതി*: വികലാംഗർക്കായുള്ള സമഗ്ര പുനരധിവാസ പദ്ധതി സംസ്ഥാനത്തിൽ 8 ബ്ലോക്കുകളിൽ ആരംഭിക്കുകയും 5 ലക്ഷം രൂപ വീതം ഓരോ ബ്ലോക്കിനും അനുവദിക്കുകയും പദ്ധതി നടപ്പിൽ വരുത്തുകയുമുണ്ടായി.

(3) *അമ്പത് വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കും വിധവകൾക്കുമുള്ള പോഷകാഹാര വിതരണം*: അമ്പത് വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കും വിധവകൾക്കും സൗജന്യമായി അരി നൽകുന്നതിനുള്ള ഒരു കർമ്മ പദ്ധതി ആവിഷ്ക്കരിക്കുകയും തെരഞ്ഞെടുത്ത 18 ഐ.സി.ഡി.എസ്. ബ്ലോക്കുകളിലൂടെ നടപ്പിലാക്കി വരുകയും ചെയ്യുന്നു.

(4) *അംഗൻവാടി കേന്ദ്രങ്ങളെ സാമൂഹ്യ വിഭവ കേന്ദ്രങ്ങളാക്കി മാറ്റൽ*: സംസ്ഥാനത്തെ 6 ജില്ലകളിലെ തെരഞ്ഞെടുത്ത അംഗൻവാടി കേന്ദ്രങ്ങളെ കമ്പ്യൂട്ടർ തുടങ്ങിയ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തി സാമൂഹിക വിഭവ കേന്ദ്രങ്ങളാക്കി മാറ്റുകയുണ്ടായി. അംഗൻവാടി പ്രദേശത്തെ ഗുണഭോക്താക്കൾക്ക് ആവശ്യമായ എല്ലാവിധ വിവരങ്ങളും ലഭ്യമാക്കുമെന്നതാണ് ഈ പദ്ധതിമൂലം വിവക്ഷിക്കുന്നത്.

(5) *ടേക്ക്ഹോം റേഷൻ സ്ട്രാറ്റജി*: അംഗൻവാടി കേന്ദ്രത്തിലെത്തി അനുപൂരക ഭക്ഷണം സ്വീകരിക്കാൻ കഴിയാത്ത 6 മാസത്തിനും 3 വയസ്സിനും ഇടയ്ക്ക് പ്രായമുള്ള കുട്ടികൾക്ക് ഭക്ഷണ പദാർത്ഥങ്ങൾ അവരുടെ വീടുകളിൽ എത്തിച്ചു കൊടുക്കുന്ന പദ്ധതിയാണിത്. പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ വാമനപുരത്തും എറണാകുളം ജില്ലയിലെ അങ്കമാലി, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി എന്നീ ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽ ഈ പദ്ധതി നടപ്പിലാക്കി. പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച ഈ പദ്ധതി 163 ബ്ലോക്കിലും നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(6) *ഭരണ നവീകരണ പരിപാടി*: സംസ്ഥാന സർക്കാരിന്റെ ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി സേവന പ്രദാന പദ്ധതിയിൽ ഉൾപ്പെടുത്തി 1102 അംഗൻവാടികളിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും 48 ക്ഷേമ സ്ഥാപനങ്ങൾ നവീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കുകയുണ്ടായി.

(7) *പ്രതീക്ഷാ ഭവനം*: 18 വയസ്സിന് മുകളിൽ പ്രായമുള്ള ബുദ്ധിമാന്ദ്യമുള്ള പുരുഷൻമാരെ സംരക്ഷിക്കുന്നതിനായി മലപ്പുറം ജില്ലയിലെ തവനൂരിൽ ഒരു സ്ഥാപനം ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) *ആശാ ഭവൻ (മെൻ)* : മാനസിക രോഗം ഭേദമായിട്ടും ബന്ധുജനങ്ങളാരും സംരക്ഷിക്കാൻ തയ്യാറാകാത്തവരെ സംരക്ഷിക്കുന്നതിനായി മൂന്ന് സ്ഥാപനങ്ങൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സ്ഥാപിച്ചു.

(ബി) തിരുവനന്തപുരം കുമാരപുരത്ത് ശ്രീചിത്രാ ഹോമിന്റെ അധീനതയിലുള്ള ഭൂമിയിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് ശ്രീചിത്രാ ഹോം മാനേജിംഗ് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. വൃദ്ധസദനം നിർമ്മിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല.

സ്പെഷ്യൽ ഇക്കണോമിക് സോണുകളുടെ എണ്ണം

16 [953] **ശ്രീ. വർക്കല കഹാർ :**

" പ്രയാർ ഗോപാലകൃഷ്ണൻ :

ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്പെഷ്യൽ ഇക്കണോമിക് സോണുകളുണ്ട് ;

(ബി) എന്തെല്ലാം വ്യവസായങ്ങളെ സംബന്ധിക്കുന്നതാണ് ഈ സ്പെഷ്യൽ ഇക്കണോമിക് സോണുകൾ എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇവ അനുവദിച്ചത് ഏത് സർക്കാരിന്റെ കാലത്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊച്ചിയിൽ കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക് സോൺ നിലവിൽ പ്രവർത്തിച്ചുവരുന്നു.

ഇതുകൂടാതെ കേന്ദ്ര വാണിജ്യ മന്ത്രാലയം താഴെ പറഞ്ഞിരിക്കുന്ന 6 സാമ്പത്തിക മേഖലകൾ സ്ഥാപിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്:

(1) വല്ലാർപാടം, പുതുവൈപ്പിൻ, കൊച്ചി.
(2) കാക്കഞ്ചേരി, കോഴിക്കോട്.
(3) കളമശ്ശേരി, കൊച്ചി.
(4) കഴക്കൂട്ടം, തിരുവനന്തപുരം.
(5) ഐ. ടി. പാർക്ക്, തിരുവനന്തപുരം.
(6) ഇൻഫോ പാർക്ക്, കൊച്ചി.

(ബി) നിലവിലുള്ള കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക് സോൺ ഒരു വിവിധ ഉൽപ്പന്ന മേഖലയാണ്.

(സി) കേന്ദ്ര സർക്കാർ അനുവദിച്ചത് യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്.

LIBRARY ARCHIVES Kerala Legislative Assembly